ശ്രീ. കെ. കരുണാകരൻ : ഇപ്പോഴും തന്നെ എയർകണ്ടീഷൻ തിയേറ്ററുകളിൽ ആണെങ്കിൽ സ്മോക്ക് ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. പിന്നെ അതിന്റെ പരിധി വിട്ടുപോയാൽ ഈ സഭയിലുള്ള പലരുടേയും അഭിപ്രായം എന്താണെന്ന് സംശയമാണ്.

കോർപ്പറേഷനുകളും ബോർഡുകളും ഏകോപിപ്പിക്കൽ

* 388 [416] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ :
,, പി. വിജയദാസ് :
,, സിറിയക് ജോൺ :
,, കെ. ശങ്കരനാരായണ പിള്ള :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ രീതിയിൽ പ്രവർത്തനം നടത്തുന്ന കോർപ്പറേഷനുകളേയും ബോർഡുകളേയും ഏകോപിപ്പിക്കുവാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച എന്തെങ്കിലും ശുപാർശ ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഈ ശുപാർശ നടപ്പിലാക്കാതിരിക്കാൻ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : (എ, ബി & സി.) പബ്ലിക് എന്റർപ്രൈസസ് ബോർഡ് ഇക്കാര്യത്തിൽ ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇവ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ കാര്യത്തിൽ അവസാന തീരുമാനമായിട്ടില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഈ വിധത്തിലുള്ള എത്ര കോർപ്പറേഷനുകളും, ബോർഡുകളുമാണ് ഇപ്പോഴും നമ്മുടെ സംസ്ഥാനത്തിൽ നിലവിലുള്ളത് ; അതിലെല്ലാംകൂടി എത്ര അനുദ്യോഗസ്ഥ ചെയർമൻമാർ പ്രവർത്തിച്ചു വരുന്നുണ്ടെന്നുള്ള കാര്യം കൂടി ഗവൺമെന്റ് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : അത് പ്രത്യേകമായി ചോദിക്കണം. അത് ബോർഡ് സ്കീമിന്റെ നിർദ്ദേശമാണ് അത് ഞാൻ പറയാം. നാലു ബോർഡുകളെ സംബന്ധിച്ചാണ് ശുപാർശ ചെയ്തിട്ടുള്ളത്. ട്രാവൻകൂർ പ്ലൈവുഡ് ആൻഡ് ഇൻഡസ്ട്രീസ്, ട്രാവൻകൂർ ഫോറസ്റ്റ് ഇൻഡസ്ട്രീസ്, ഇത് സംയോജിപ്പിക്കണമെന്നുള്ളതാണ്. രണ്ടാമത് കയർ കോർപ്പറേഷനും, ഫോമേറിംഗ്സ് ഇൻഡ്യ ലിമിറ്റഡുമായി സംയോജിപ്പിക്കണമെന്നുള്ളത്. മൂന്നാമത്, ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനും, കരകൗശല വികസന കോർപ്പറേഷനുമായി യോജിപ്പിക്കണമെന്നുള്ളതാണ്. നാലാമത് ജലഗതാഗത വകുപ്പും, ഉൾനാടൻ ജലഗതാഗത കോർപ്പറേഷനും ആയി യോജിപ്പിക്കണമെന്നുള്ളതാണ്. ഈ നാലു സജഷൻസുമാണ് വന്നിട്ടുള്ളത്. മറ്റ് ചിലതും അവർ പരിശോധിച്ചുവരുന്നതായിട്ടുള്ള അറിവുണ്ട്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഫിഷറീസ് രംഗത്ത് പ്രവർത്തിക്കുന്ന മൂന്നു നാല് കോർപ്പറേഷൻ സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശം എന്തെങ്കിലും ഉണ്ടോ ; അത് നടപ്പിലാക്കുമെന്ന് ഗവൺമെന്റ് നേരത്തെ പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നതാണ്. അത് ഇതുവരെ നടപ്പിലാക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : അത് മൂന്നും കൂടി സംയോജിപ്പിക്കാൻ ആണ് തീരുമാനിച്ചിട്ടുള്ളത്. പക്ഷേ അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് മുൻപ് ചെയ്തു തീർക്കേണ്ട ചില കാര്യങ്ങൾ ചെയ്തു തീർക്കാനുള്ളതുകൊണ്ട് ഓരോ കോർപ്പറേഷനും അതിനേറ്റതായ സാവകാശമെടുക്കുന്നു എന്നുള്ളതാണ് സത്യം.

ശ്രീ. പി. വിജയദാസ് : കേരളത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷനുകളിലും, ബോർഡുകളിലും ലാഭത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതാണ് ?

ശ്രീ. കെ. കരുണാകരൻ : ഈ ചോദ്യത്തിന് ഉത്തരം പലപ്പോഴും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. വിജയദാസ് : കേരളത്തിലുള്ള കോർപ്പറേഷനുകളിലും, ബോർഡുകളിലും അതിന്റെ ഭരണത്തിലുള്ള തകരാറുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെന്നും, അതൊക്കെ പരിഹരിക്കുന്നതിനു വേണ്ടി ഇവ ഏകോപിപ്പിക്കുന്നതാണെന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അവസരത്തിൽ സൂചിപ്പിച്ചതാണ്. പക്ഷേ ഇന്നുവരെ അതിന് ഒരു നടപടി ഉണ്ടായില്ല. ഇത് എത്ര കാലത്തിനകം നടപ്പാക്കുമെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : ഏകോപിപ്പിക്കുക മാത്രമല്ല വിഭജിക്കുകയുംപ്പെടെയുള്ള കാര്യങ്ങളും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. പക്ഷേ അത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ചില പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടായതുകൊണ്ടാണ്. ഈ കാര്യത്തിൽ വൈകാതെ ഒരു തീരുമാനമെടുക്കുമെന്നത് തന്നെയാണ് ഈ ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. സിറിയക് ജോൺ : സംയോജിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള നിർദ്ദേശങ്ങളും ബോർഡ് ഓഫ് പബ്ലിക്ക് എന്റർപ്രൈസസ് നൽകിയതിനെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഈ റിപ്പോർട്ട്, അല്ലെങ്കിൽ ഈ ശുപാർശ ബോർഡിന്റെ ഏത് വർഷത്തിലുള്ളതാണ്. എന്റെ അറിവ് ശരിയാണെങ്കിൽ മുൻ വർഷങ്ങളിൽ ഈ ബോർഡ് തന്നെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, അഗ്രോ മെഷിനറീസ്, മീറ്റ് പ്രോഡക്ട്സ് തുടങ്ങിയ വളരെ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും, ഒരു വയബിലിറ്റി കോർപ്പറേഷനെന്നുള്ള നിലയിൽ യാതൊരു പ്രസക്തിയുമില്ലാത്ത ഇവ സംയോജിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഉള്ള റിപ്പോർട്ടുകളും നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്താണ് പറയാനുള്ളത് ?

ശ്രീ. കെ. കരുണാകരൻ : അത് സംയോജിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച് അവരുടെ അഭിപ്രായമുണ്ട്. ഞാൻ ആദ്യം തന്നെ പറഞ്ഞു അതിന് ചില പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടെന്ന്.

ശ്രീ. സിറിയക് ജോൺ : ഈ ബോർഡിന്റെ ശുപാർശക്ക് ആധാരമായ മാനദണ്ഡങ്ങൾ എന്താണ് ; അതല്ലെങ്കിൽ വല്ല 'ടേംസ് ഓഫ് റഫറൻസും' ഗവൺമെന്റിൽ നിന്ന് അവർക്ക് നൽകിയിട്ടുണ്ടോ ; നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണമോ, അതല്ലെങ്കിൽ അതിന്റെ വയബിലിറ്റിയുടെ അടിസ്ഥാനത്തിലാണോ ; എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം ഇത് വിഭജിക്കുകയാണെങ്കിൽ വിഭജിക്കേണ്ടത്, അല്ലെങ്കിൽ സംയോജിപ്പിക്കുകയാണെങ്കിൽ സംയോജിപ്പിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വല്ല 'ടേംസ് ഓഫ് റഫറൻസ്' ഈ ബോർഡിന് ഈ ഗവൺമെന്റ് നൽകിയിരുന്നോ ?

ശ്രീ. കെ. കരുണാകരൻ : ഒരേ ഉദ്ദേശം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന കോർപ്പറേഷനിൽ അതിന്റെ വയബിലിറ്റി ഉണ്ടാകുന്നതിന് വേണ്ടി സംയോജിപ്പിക്കണമെന്നാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതുപോലെ രണ്ടു കോർപ്പറേഷനുകൾ യോജിപ്പിക്കുമ്പോഴുള്ള നിർദ്ദേശം വരുമ്പോൾ ഏറ്റവും ശക്തിയായ എതിർപ്പ് അവിടത്തെ തൊഴിലാളികളിൽ നിന്നും, പ്രത്യേകിച്ച് അവിടത്തെ ഉദ്യോഗസ്ഥൻമാരിൽനിന്നുമാണ് ഉണ്ടാകുന്നത്. ചെയർമാൻമാരുടെ കാര്യം സാരമില്ല. അത് ഒരു മിനിറ്റുകൊണ്ട് തീരുമാനിക്കാവുന്നതേയുള്ളു. പക്ഷേ ഈ സ്ഥാപനം നാളെ നടത്തിക്കൊണ്ടു പോകാൻ സഹായം വേണ്ട തൊഴിലാളികളുടേയും അതുപോലെ ഉദ്യോഗസ്ഥൻമാരുടേയും അങ്ങേയറ്റത്തെ എതിർപ്പോടുകൂടി തീരുമാനിക്കാതെ അവരെക്കൂടി സമ്മതിപ്പിച്ച് എടുക്കാൻ വേണ്ടിയുള്ള സാവകാശമെടുക്കുന്നുവെന്ന് മാത്രം.

ശ്രീ. എസ്. ആർ. തങ്കരാജ് : ബോർഡുകളുടേയും, കോർപ്പറേഷൻറേയും എണ്ണം കുറയ്ക്കണമെന്ന് കേന്ദ്രത്തിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; ലഭിച്ചിട്ടുണ്ടെങ്കിൽ അതിനുശേഷം ഇതിന്റെ എണ്ണം കുറിച്ചിട്ടുണ്ടോ, അതല്ല കൂടിയിട്ടുണ്ടോയെന്നുള്ള കാര്യം ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : പ്രത്യേകം ഒരു നിർദ്ദേശമൊന്നുമില്ല. ഇതിന് സംസ്ഥാനത്തിന്റെ വരുമാനത്തിൽ നല്ലൊരു ഭാഗം ഈ വഴിയ്ക്ക് ചോർന്നുപോകുന്നുവെന്നുള്ളതു കൊണ്ട് അത് തടയാൻ വേണ്ടിയുള്ള നടപടികളുടെ ഭാഗമായിട്ടാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തികമായ വിഭവശേഷി സമാഹരിക്കാനാണ് കോർപ്പറേഷൻ രൂപീകരണം നമ്മൾ അടിസ്ഥാനമായി സ്വീകരിച്ചത്. ചെറുകിട തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് പണമില്ലെന്നതുകൊണ്ട് ഒരു "മാരടൈൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ' രൂപീകരിക്കാൻ നേരത്തേ ഗവൺമെൻറ തീരുമാനിച്ചിരുന്നു. ആ കോർപ്പറേഷൻ ഷിപ്പിംഗ് കോർപ്പറേഷനുമായി യോജിപ്പിക്കാനുള്ള നടപടിയുണ്ടായിട്ടുണ്ടോ ; ഇങ്ങനെയാണെങ്കിൽ നമ്മുടെ കോർപ്പറേഷനുകളുടെ യോജിപ്പ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ പണം കിട്ടാനുള്ള സൗകര്യം നഷ്ടപ്പെടുത്തുകയില്ലേ ; ഈ കാര്യം ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഈ കോർപ്പറേഷനു ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് പണമെടുത്ത് നടത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് ആരംഭിച്ചിരുന്നതെങ്കിൽ പോലും ആരംഭിച്ചുകഴിഞ്ഞാൽ മിക്കവാറും അതിന്റെ മുതൽ മുടക്കിനേക്കാൾ എത്രയോ ഇരട്ടി നഷ്ടമായി വരുന്നുവെന്ന സാഹചര്യത്തിൽ ധനകാര്യ സ്ഥാപനങ്ങളും കൊടുക്കാൻ തയ്യാറാകുന്നില്ല. ഉദാഹരണത്തിന് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കാര്യം എടുക്കാം. എത്രയോ തവണ റൈറ്റ് ഓഫ് ചെയ്തിട്ടും കടം വാങ്ങാതെ സാധിക്കുന്നില്ല. അതുകൊണ്ടാണ് ഏതിനെക്കുറിച്ചും തീരുമാനിക്കുന്നതിൽ സാവകാശമായി പരിശോധിച്ചില്ലെങ്കിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ടാണ് ഈ ഷിപ്പിംഗ് കോർപ്പറേഷനും രണ്ടും തമ്മിൽ സംയോജിപ്പിക്കുന്ന കാര്യത്തെക്കുറിച്ച്, ഷിപ്പിംഗ് കോർപ്പറേഷൻ കുറച്ച് പണമുണ്ടായിട്ട്, ഒരു ഷിപ്പ് മുങ്ങിപ്പോയതിന്റെ പേരിൽ ആ മെച്ചം വച്ചുകൊണ്ട് മറ്റ് ഭാരം ഇതിൽ പങ്കിടണമെന്ന കാര്യം കാര്യമായി പരിഗണിക്കേണ്ടതാണ്. അതുകൊണ്ട് ഇത് ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : നമ്മുടെ സംസ്ഥാനത്തിലെ വിവിധ ബോർഡുകളും, കോർപ്പറേഷനുകളും സംയോജിപ്പിക്കുന്നത് സംബന്ധിച്ചാണ് എന്റെ ചോദ്യം. സംയോജനം മാത്രമല്ല, ചില പ്രത്യേക കോർപ്പറേഷനുകൾ വിഭജിക്കുന്നതിനെ സംബന്ധിച്ചും ചർച്ച നടന്നിട്ടുണ്ട്. ഉദാഹരണത്തിന് കെ. എസ്. ആർ. ടി. സി. യാണ്. ഇന്നത്തെ കെ. എസ്. ആർ. ടി. സി. യെ നിലനിർത്തി മേഖലാടിസ്ഥാനത്തിൽ പുതിയ കോർപ്പറേഷനുകൾ രൂപീകരിക്കുന്നതാണെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ആ പ്രഖ്യാപനം അകാലചരമമടഞ്ഞുവെന്നാണോ ഞങ്ങൾ വിശ്വസിക്കേണ്ടത് ?

ശ്രീ. കെ. കരുണാകരൻ : ആ പരിപാടി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് തൊഴിലാളികൾ ഒന്നടങ്കം പരാതിപ്പെട്ടിട്ടുള്ളതുകൊണ്ട് അവരുടെ പരാതിയും കൂടെ പരിശോധിച്ച് അതിന് പരിഹാരമുണ്ടാക്കിക്കൊണ്ട് ചെയ്യണമെന്ന് തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. എങ്കിലും ഈ പുതിയ കോർപ്പറേഷൻ രൂപീകരിക്കണമെന്നുള്ള നയം ഉപേക്ഷിച്ചിട്ടില്ല. അതും കഴിയുന്നതും വേഗം പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഏഴിമല നേവൽ അക്കാഡമി

* 389. [417] ശ്രീമതി പി. ദേവൂട്ടി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, കെ. മൂസ്സക്കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാഡമിയുടെ പ്രവർത്തനങ്ങൾ ഏത് സ്റ്റേറ്റിലിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) നാവിക അക്കാഡമി സ്ഥാപിക്കുന്നതിനാവശ്യമായ മുഴുവൻ സ്ഥലവും പൊന്നും വിലയ്ക്കെടുത്ത് നാവിക അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. ആവശ്യമായ (ഇൻഫ്രാസ്ട്രക്ചർ) സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. ഇനിയുള്ള നടപടികൾ നാവിക അധികൃതർ സ്വീകരിക്കുന്നുണ്ട്.

(ബി) ഉദ്ദേശം ആറു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും എന്നാണറിയുന്നത്.

(സി) കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 50 ഹരിജൻ കുടുംബങ്ങൾക്ക് കൃഷിക്കും വീട് വയ്ക്കുന്നതിനുമായി ഒരു ഏക്കർ സ്ഥലം വീതവും 92 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 10 സെന്റ് സ്ഥലം വീതവും സൗജന്യമായി നൽകിയിട്ടുണ്ട്. മറ്റ് സമുദായത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം വാർഷിക വരുമാനം 10,000 രൂപയിൽ കവിയാത്ത 449 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 10 സെന്റ് സ്ഥലം വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹരിജനക്ഷേമവകുപ്പും മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷനും, അർഹതപ്പെട്ടവരും തല്പരരുമായ ആളുകൾക്ക് ഭവനനിർമ്മാണ വായ്പയും നൽകിയിട്ടുണ്ട്. 5,000 രൂപ വീതമാണ് ഓരോരുത്തർക്കും നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly